(ബി) പി.എസ്.സി.-യുടെ ലിസ്റ്റ് നിലനിൽക്കെ സെറിഫെഡിൽ നിന്ന് പഞ്ചായത്തുകളിൽ നിയമനം ലഭിച്ചവരായി ആരെങ്കിലുമുണ്ടോ ; എങ്കിൽ എത്ര പേർ ; തസ്തിക തിരിച്ച് വിശദാംശം നൽകുമോ ;

(സി) ഇത്തരത്തിൽ സെറിഫെഡിൽ നിന്നും ഉദ്യോഗസ്ഥരെ പഞ്ചായത്തുകളിൽ നിയമിക്കുന്നതിന് നിലവിലെ നിയമം അനുവദിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ അനധികൃതമായി നിയമിച്ച ഇത്തരക്കാരെ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) സെറിഫെഡിൽ നിന്ന് പഞ്ചായത്ത് വകുപ്പിലേക്ക് 234 ജീവനക്കാരെ പുതുതായി സൃഷ്ടിച്ച 234 പോസ്റ്റുകളിലേയ്ക്ക് വിന്യസിച്ചിട്ടുണ്ട്. അതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

എൽ.ഡി.ക്ലാർക്ക് -152

ടൈപ്പിസ്റ്റ്-13

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-1

മെക്കാനിക്ക് (സൂപ്പർ ന്യൂമറ്റി)-1

പ്യൂൺ/ഹെൽപ്പർ-49

പാർട്ട് ടൈം സ്വീപ്പർ(സൂപ്പർ ന്യൂമറി)-18

(സി) 26-7-2010-ലെ സ.ഉ.(എംഎസ്) നമ്പർ 159/2010/തസ്വഭ ഉത്തരവു പ്രകാരം നിർത്തലാക്കിയ സെറിഫെഡിലെ മേൽപ്പറഞ്ഞ ജീവനക്കാരെ പഞ്ചായത്ത് വകുപ്പിലേയ്ക്ക് വിന്യസിക്കുകയാണ് ചെയ്തിട്ടുള്ളത്. വിന്യസിക്കുന്നതിന് നിയമതടസ്സമൊന്നുമില്ല.

(ഡി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ബാധകമല്ല.

ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തിക കേഡർ തസ്തികയാക്കുന്നതിനുള്ള നടപടി

173(381) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലകളിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തിക ഒഴിവുള്ള സ്ഥലങ്ങളിൽ ഏത് ഉദ്യോഗസ്ഥന്മാർക്കാണ് അഡീഷണൽ ചാർജ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ :

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷൻ നൽകുന്നതിന് നിലവിലുള്ള മാനദണ്ഡം വിശദമാക്കുമോ :

(ഡി) ജില്ലാ പഞ്ചായത്തുകൾ നിലവിൽ വന്നിട്ട് 15 വർഷം കഴിഞ്ഞിട്ടും ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തിക കേഡർ തസ്തിക ആക്കാത്തതുമായി ബന്ധപ്പെട്ട് ഭരണതലത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഇ) ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തിക കേഡർ തസ്തികയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തിക ഒഴിവുള്ള പത്തനംതിട്ട, ഇടുക്കി, എന്നീ ജില്ലകളിൽ അതാതു ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസർമാർക്കും തൃശ്ശൂർ ജില്ലയിൽ പ്രോജക്ട് ഡയറക്ടർ (പി.എ.യു.)-ക്കുമാണ് അഡീഷണൽ ചാർജ്ജ് നൽകിയിരിക്കുന്നത്.

(സി) ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നിയമിക്കപ്പെടാൻ താൽപര്യമുള്ള ഗവൺമെന്റ് സെക്രട്ടേറിയേറ്റിലെ (പൊതുഭരണം, നിയമം,ധനകാര്യം)അണ്ടർസെക്രട്ടറി (ഹയർ ഗ്രേഡ്) തസ്തികയിലും അതിനുമുകളിനും ഉള്ളവരിൽ നിന്നും 16650-23200 എന്ന ശമ്പള സ്കെയിലിലും അതിനു മുകളിലും ഉള്ള ബിരുദധാരികളായ ഉദ്യോഗസ്ഥരിൽനിന്നും അപേക്ഷ ക്ഷണിക്കുന്നതാണ്. അപ്രകാരം അപേക്ഷിക്കുന്നവരിൽ നിന്നും 1-2-2003-ലെ സ.ഉ.(സാധാ)427/2003/ത.സ്വ.ഭ.വ. പ്രകാരം രൂപീകരിച്ച, ചീഫ് സെക്രട്ടറി ചെയർമാനായുള്ള, സെലക്ഷൻ കമ്മിറ്റി, ഇന്റർവ്യൂ മുഖേന തെരഞ്ഞെടുക്കുന്നു.

(ഡി) ചില ജില്ലകളിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടുണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക ഏകീകരിക്കുന്നതിന് നടപടി

174(382) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക ഏകീകരിക്കണമെന്നുള്ള ശമ്പളകമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ, സ്പെഷ്യൽ ഗ്രേഡ്, ഫസ്റ്റ് ഗ്രേഡ് എന്നീ തരം തിരിവ് മാറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly